# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26





## എ .എം. എൽ പി .എസ് ക്ലാരി പുത്തൂർ

A.M.L.P SCHOOL
KLARI PUTHUR
KURUKATHANI
LIGHTS SINCE 1924

**താനൂർ ഉപജില്ല**

**മലപ്പുറം ജില്ല**

A.M.L.P SCHOOL
KLARI PUTHUR
KURUKATHANI
LIGHTS SINCE 1924

# ആമുഖം

**പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് എ. എം. എൽ. പി. സ്കൂൾ ക്ലാരി പുത്തൂർ പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ

പിടിഎ പ്രസിഡന്റ്
ശബന മോൾ

ഹെഡ്മാസ്റ്റർ
മുഹമ്മദ് അഷ്റഫ്

എംടിഎ പ്രസിഡന്റ്
സബീറ കെ.പി

# ചരിത്രം

1924 ൽ തുടക്കംകുറിച്ചതാണ് ഈ വിദ്യാലയം. മലബാറിലെ ഒരു കുഗ്രാമമായിരുന്ന ക്ലാരി പുത്തൂരിൽ മതപഠനത്തിന് മാത്രമായി ഓത്തുപള്ളിയാണ് അന്നുണ്ടായിരുന്നത്.

ഇന്നത്തെ മാനേജറുടെ പിതാമഹൻ പരേതനായ പൂഴിക്കൽ കുഞ്ഞഹമ്മദ് മുസ്ലിയാരുടെ ഭാര്യ വീടായ ചേക്കത്ത് തറവാടി നോടനുബന്ധിച്ച് ആയിരുന്നു ആ പ്രദേശത്തെ കുട്ടികൾ മതപഠനം നടത്തിയിരുന്നത്. കുഞ്ഞഹമ്മദ് മുസ്‌ലിയാർ ആയുർവേദ വൈദ്യനും നാട്ടു പ്രധാനിയും ആയിരുന്നു. അദ്ദേഹത്തിനും അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ചിലർക്കും ആളുകൾ അക്ഷരാഭ്യാസം നേടുന്നതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചിന്ത ഉടലെടുക്കുകയും സാക്ഷരരായ മുസ്ലിയാരെ ഒരു സ്ഥാപനം ഉണ്ടാക്കാൻ ആ പ്രദേശത്തെ ആളുകൾ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ സ്ഥാപിച്ച കൊച്ചുസ്ഥാപനതിന് ബന്ധപ്പെട്ട ഡിസ്ട്രിക്ട് ബോസ് അംഗീകാരം കൊടുക്കുകയുണ്ടായി അങ്ങനെ ക്ലാരി പുത്തൂർ സ്കൂൾ നിലവിൽ വന്നു.

ഇപ്പോൾ ചരിത്രപ്രാധാന്യമുള്ള ക്ലാരി പുത്തൂർ ജുമാഅത്ത് പള്ളി സ്ഥിതി ചെയ്യുന്നതിന് തൊട്ടു മുൻവശത്തുള്ള സ്ഥലത്തായിരുന്നു സ്കൂൾ സ്ഥിതി ചെയ്തിരുന്നത്.

1945-50 കാലഘട്ടത്തിൽ കുറുകത്താണി kuruka കഴുങ്ങിൽ പടി തുടങ്ങിയ സ്ഥലങ്ങളിൽ ജനസംഖ്യ വർദ്ധിക്കുകയും കുട്ടികൾക്ക് പുത്തൂരിൽ പോയി വരുന്നതിന് വഴിയുടെ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്തപ്പോൾ സ്കൂൾ കുറുകത്താണി ഭാഗത്തേക്ക് മാറ്റി സ്ഥാപിക്കാനുള്ള മാനേജറുടെ തീരുമാനത്തിന് ജനങ്ങൾ സഹകരണം വാഗ്ദാനം നൽകുകയും ചെയ്തു ഈ കാണുന്ന സ്ഥലം വിലക്ക് വാങ്ങി കെട്ടിടം ഉണ്ടാക്കി സ്കൂൾ ഇങ്ങോട്ടു മാറ്റി 1951 ലാണ് ഇവിടെ പ്രവർത്തനം തുടങ്ങിയത് എന്ന് രേഖകളിൽ കാണുന്നു.

# പൊതുലക്ഷ്യങ്ങൾ

1- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, തുടങ്ങിയവ ആധുനികവത്ക്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ എന്നിവ ചേരും.

8 ഒന്നാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദ മിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

9. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

10 ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തന ങ്ങൾ ഒരുക്കും.
11 ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.

12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ

13. ഹരിതസേന രൂപീകരിക്കൽ

14. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1 എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4 സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1 ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2 ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6 ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

8-ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസര പഠനം

1 ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം

1-അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2 ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## അറബിക്

1 എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1 വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## സാമൂഹികാവബോധം

1 ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3 ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ ,ഫീൽഡ് ട്രിപ്പ്.എന്നിവ സംഘടിപ്പിക്കൽ.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3. ഇതര വിഷയങ്ങളുമായി/ പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

4-പേപ്പർ ബാഗ് നിർമ്മാണം.

5- LED ബൾബ് നിർമ്മാണം

6- ചന്ദനത്തിരി നിർമ്മാണം

7- കുട നിർമ്മാണം

8- ഒറിഗാമി യിൽ പരിശീലനം നൽകൽ

## കലാപരിശീലനം

1 കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1 മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. ഹരിതാഭമാക്കുക.
6- മാസത്തിലൊരുക്കൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി മാസ്സ് ഡ്രിൽ. ഫുട്ബോൾ, സ്കിപ്പിംഗ്, എയറോബിക്സ് ,സ്കേറ്റിംഗ്, കരാട്ടെ തുടങ്ങിയവക്ക് ഉള്ള മികച്ച പരിശീലനം.

## സർഗ്ഗ വേദി

1.ആഴ്ചയിൽ ഒരിക്കൽ എല്ലാ ക്ലാസിലും സർഗ്ഗ വേദി.
2.ശിശുവാണി

## പ്രകടന വേദി

1-കുട്ടികളുടെ മികവുകൾ സോഷ്യൽ മീഡിയ വഴി സമൂഹവുമായി പങ്കുവെക്കൽ.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

**ജൂൺ 3 മുതൽ ജൂൺ 13 വരെ –പ്രത്യേക പ്രവർത്തനങ്ങൾ**

| **തിയതി** | **വിഷയ മേഖലകൾ** |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ |
| 04/06/2025 | റോഡ് നിയമങ്ങൾ, സ്കൂൾ വാഹന സഞ്ചാരം. |
| 05/06/2025 | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ്, സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം, വ്യായാമം, കായികക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം, കാലാവസ്ഥ |
| 13/06/2025 | രാസ ലഹരി, സ്ക്രീൻ ലഹരി |

# സ്കൂളിൽ നടക്കേണ്ട കാര്യങ്ങൾ

# എസ്.ആർ.ജി കൂടണം. ഓരോ ദിവസത്തെയും ക്ലാസ്സ് കൈകാര്യം ചെയ്യുന്ന ചുമതല തീരുമാനിക്കണം.

# 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കി വേണം പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# കുട്ടികളുടെ പ്രായത്തിനനുസരമായി സ്കൂൾ മേൽവിഷയങ്ങളുടെ മൊഡ്യൂളുകൾ തയ്യാറാക്കണം.

# സ്കൂളിലെ മുഴുവൻ അധ്യാപകരും പ്രവർത്തനങ്ങൾക്കായി സജ്ജമാവുകയും അവ ഫലപ്രദമായി നടപ്പിലാക്കുകയും വേണം.

#ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ ഭാഷയിലും മറ്റുവിഷയങ്ങളിലുള്ള പഠനവിടവ് കണ്ടെത്താനും പരിഹരിക്കാനുമുള്ള അവസരമായി കൂടി പ്രയോജനപ്പെടുത്തണം.

# ജൂൺ 3 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ആണ് ഈ പ്രവർത്തനങ്ങൾ നടത്തേണ്ടത്.

# ഒരു ദിവസം ഒരു മണിക്കൂർ നീക്കി വെക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾ പ്ലേ എന്നിവ നടക്കുന്നുണ്ട് എങ്കിൽ അത് പൂർണമാക്കാനുള്ള അവസരം നൽകണം.

## എൽ.പി. തലത്തിലെ പ്രവർത്തന സംഗ്രഹം, ദിവസം തിരിച്ച്:-

## 2025 ജൂൺ 3: പൊതു വിഷയങ്ങൾ

സ്കൂളിലെ ആദ്യ ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെയും പരസ്പരം പരിചയപ്പെടാനുള്ള അവസരങ്ങൾ നൽകണം. നിലവിലുള്ള സ്കൂൾ വിഭവങ്ങളും സൗകര്യങ്ങളും എങ്ങനെ ഉപയോഗിക്കാമെന്നും ക്ലാസ് മുറിയിലും സ്കൂൾ മൈതാനത്തും എങ്ങനെ ശരിയായി പെരുമാറണം എന്നതിനെക്കുറിച്ചുമുള്ള പൊതുവായ ധാരണ വളർത്താൻ ഈ സെഷൻ ലക്ഷ്യമിടുന്നു.

**പ്രധാന പ്രവർത്തനങ്ങൾ:**

- പരസ്പരം പരിചയപ്പെടൽ: വിദ്യാർത്ഥികൾക്ക് സ്വയം പരിചയപ്പെടുത്താനും പരസ്പരം അറിയാനുമുള്ള അവസരങ്ങൾ ലഭിക്കും.

- അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ: വിദ്യാർത്ഥികൾക്ക് അവരുടെ അവധിക്കാല അനുഭവങ്ങൾ പങ്കിടാം.
- വിദ്യാലയത്തെ മനസ്സിലാക്കൽ: സ്കൂളിന്റെ വിവിധ ഭാഗങ്ങളായ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം,സ്റ്റോർ, ടോയ്‌ലറ്റുകൾ (ശരിയായ ഉപയോഗത്തെക്കുറിച്ചുള്ള കുറിപ്പുകളോടെ), കളിസ്ഥലം, ആരോഗ്യ സംരക്ഷണ നടപടികൾ, പകർച്ചവ്യാധി പ്രതിരോധം, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, പൂന്തോട്ടങ്ങൾ (പൂന്തോട്ടം, അടുക്കളത്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം), സസ്യ വൈവിധ്യം, ലൈബ്രറി എന്നിവയെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാൻ പ്രവർത്തനങ്ങൾ സഹായിക്കും.

- രീതിശാസ്ത്രം: നിരീക്ഷണം, ചർച്ചകൾ, കുറിപ്പുകൾ തയ്യാറാക്കൽ, ലളിതമായ ജോലികൾ എന്നിവയിലൂടെ ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കാം.

## 2025 ജൂൺ 4: സുരക്ഷയും ഗതാഗതവും

പ്രാഥമിക തലത്തിലുള്ള കുട്ടികൾക്കായി സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട്, വിവിധ ഗതാഗത സംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ചും വ്യക്തമായ ധാരണ വികസിപ്പിക്കുന്നതിൽ ഈ ദിവസം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

### പ്രധാന പ്രവർത്തനങ്ങൾ:

- റോഡ് സുരക്ഷാ ചർച്ച: റോഡിലൂടെ എങ്ങനെ നടക്കണം, റോഡ് എങ്ങനെ മുറിച്ചുകടക്കണം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പിന്നിലൂടെയോ മുന്നിലൂടെയോ റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ എന്നിവയെക്കുറിച്ച് ചർച്ചകൾ നടക്കും.

- മോക്ക് ഡ്രിൽ: സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾ അനുകരിച്ച് വാഹനങ്ങളായും കാൽനടയാത്രക്കാരായും കട്ടികൾ പങ്കെടുക്കുന്ന ഒരു മോക്ക് ഡ്രിൽ നടത്തും.

- സ്കൂൾ വാഹന സുരക്ഷ: സ്കൂൾ ബസുകളിലോ, ഓട്ടോറിക്ഷകളിലോ, മറ്റ് വാഹനങ്ങളിലോ യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട മുൻകരുതലുകളും നിയമങ്ങളും, കയറുമ്പോഴും യാത്ര ചെയ്യുമ്പോഴും ഇറങ്ങുമ്പോഴും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

## 2025 ജൂൺ 5: ശുചിത്വം, പരിസ്ഥിതി, സൗന്ദര്യവൽക്കരണം, മാലിന്യമുക്ത വിദ്യാലയം

ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെടുത്തി വ്യക്തിഗത ശുചിത്വം, പരിസര ശുചിത്വം, ഹരിതവും മനോഹരവുമായ സ്കൂൾ കാമ്പസ് വളർത്തൽ എന്നിവയ്ക്ക് ഈ ദിവസത്തെ പ്രവർത്തനങ്ങൾ പ്രാധാന്യം നൽകുന്നു.

### പ്രധാന പ്രവർത്തനങ്ങൾ:

- **വ്യക്തിഗത ശുചിത്വം (10 മിനിറ്റ്):**
    - ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് പാടുക.
    - ദൈനംദിന ശുചിത്വ ശീലങ്ങളെക്കുറിച്ച് ക്ലാസിൽ ഒരു സർവ്വേ നടത്തുക (ഉദാഹരണത്തിന്, ദിവസവും രണ്ടുനേരം പല്ല് തേക്കൽ, കുളി, വൃത്തിയുള്ള നഖങ്ങൾ, ഭംഗിയുള്ള മുടി, വൃത്തിയുള്ള പാദരക്ഷകൾ, വൃത്തിയുള്ള സ്കൂൾ ബാഗ്).
    - എല്ലാ ശുചിത്വ ശീലങ്ങളും സ്ഥിരമായി പാലിക്കുന്ന വിദ്യാർത്ഥികളെ അഭിനന്ദിക്കുക.
    - ആരോഗ്യത്തിനും സന്തോഷത്തിനും സ്ഥിരമായ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർവ്വേ പ്രതിമാസം നടത്തണം.
- **പരിസര ശുചിത്വം (20 മിനിറ്റ്)**:
    - അധ്യാപകരുമായി ചേർന്ന് സ്കൂൾ പരിസരത്തിലൂടെ ഒരു പ്രകൃതി നടത്തം. ക്ലാസ്മുറി, സാധനങ്ങൾ, പ്രിൻസിപ്പലിന്റെ മുറി, സ്റ്റാഫ് റൂം, അടുക്കള/ഭക്ഷണശാല, കൈ കഴുകുന്ന സ്ഥലങ്ങൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ വൃത്തിയും ചിട്ടയും നിരീക്ഷിക്കുക.

- നിരീക്ഷണത്തിന് ശേഷം സ്കൂൾ ശുചിത്വം എങ്ങനെ നിലനിർത്താം, സ്കൂൾ സൗന്ദര്യവൽക്കരണത്തിന്റെ പ്രാധാന്യം, വിദ്യാർത്ഥികൾക്ക് എങ്ങനെ പങ്കെടുക്കാം എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുക.

- **ഹരിത കാമ്പസ് (20 മിനിറ്റ്):**

  - സ്കൂളിനെ പച്ചപ്പാക്കുന്ന സസ്യങ്ങളെക്കുറിച്ചും അവയെ പരിപാലിക്കുന്നതിൽ ഓരോ വ്യക്തിക്കും എങ്ങനെ സഹായിക്കാമെന്നതിനെക്കുറിച്ചും ചർച്ച.

  - ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുക്കൽ.

- **വിദ്യാലയ സൗന്ദര്യവൽക്കരണം (10 മിനിറ്റ്):**

  - . സ്കൂൾ സൗന്ദര്യവൽക്കരണത്തിൽ ഓരോരുത്തരുടെയും ഉത്തരവാദിത്തങ്ങളെക്കുറിച്ചും ഒരു പദ്ധതി തയ്യാറാക്കുന്നതിനെക്കുറിച്ചും ചർച്ച.

## 2025 ജൂൺ 9: പൊതുവായ ആരോഗ്യം

പൊതുവായ ആരോഗ്യപരമായ ആശയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദിവസമാണിത്. പോഷകാഹാരം, ശുചിത്വം, വ്യായാമം, ഉറക്കം, മാനസികാരോഗ്യം, ആരോഗ്യ മര്യാദകൾ എന്നിവ പോലുള്ള പ്രധാന മേഖലകളിൽ ധാരണ വളർത്താൻ ഈ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു.

**പ്രധാന പ്രവർത്തനങ്ങൾ:**

തലമുടി മുതൽ കാൽ വരെ പരിചരണം് ദൈനംദിന വ്യക്തിഗത ശുചിയും പരിചരണ രീതികളെക്കുറിച്ചുള്ള പാഠങ്ങൾ:

- തലനും മുടിയും: ദിവസവും മുടി കഴുകക, നന്നായി ഉണക്കുക, ഭംഗിയായി ചികക

- മുഖം ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക.

- കണ്ണുകൾ: കാഴ്ച സംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ഇലക്കറികളും മഞ്ഞ പഴങ്ങളും കഴിക്കുക

- മൂക്ക്: മൂക്കൊലിപ്പ് ഉണ്ടാകുമ്പോൾ മൂക്കിൽ വിരലിടുകയോ ബലമായി ചീറ്റുകയോ ചെയ്യാതിരിക്കുക, വൃത്തിയുള്ള തുവാല ഉപയോഗിക്കുക.

- വായ, നാവ്, പല്ലുകൾ: വായ, നാവ്, പല്ലുകൾ എന്നിവ നന്നായി വൃത്തിയാക്കുക. ആഹാരശേഷവും ലഘുഭക്ഷണശേഷവും മധുരപലഹാരങ്ങൾ കഴിച്ച ശേഷവും പാനീയങ്ങൾ

കടിച്ച ശേഷവും വായ നന്നായി കഴുകുക. ദിവസവും രണ്ടുനേരം പല്ല് തേക്കുക.

- ചെവികൾ: കേൾവിക്കുറവുകളുണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുക, ചെവിയിൽ വസ്തുക്കൾ കടത്താതിരിക്കുക, ഇയർഫോൺ ഉപയോഗം കുറയ്ക്കുക, കുറഞ്ഞ ശബ്ദത്തിൽ കേൾക്കുക.

- കൈകൾ: സോപ്പ് ഉപയോഗിച്ച് ഇടയ്ക്കിടെ കൈ കഴുകുക, നഖങ്ങൾ വൃത്തിയായി ചെറുതാക്കി സൂക്ഷിക്കുക, മലവിസർജ്ജന ശേഷം സോപ്പ് ഉപയോഗിച്ച് നിർബന്ധമായും കൈ കഴുകുക .

- പാദങ്ങൾ: നഖങ്ങൾ ചെറുതാക്കി വൃത്തിയായി സൂക്ഷിക്കു പൊതു സ്ഥലങ്ങളിലും കളിസ്ഥലങ്ങളിലും ചെരിപ്പ് ധരിക്കുക. വീടിനകത്ത് പാദരക്ഷകൾ ഒഴിവാക്കുക, വീട്ടിൽ തിരിച്ചെത്തുമ്പോൾ പാദങ്ങൾ കഴുകുക

- ശരീര ശുചിത്വം. ദിവസവും കളിക്കുക, ശരീരം നന്നായി ഉണക്കുക, വൃത്തിയുള്ളതും വെയിലത്ത് ഉണക്കിയതുമായ വസ്ത്രങ്ങൾ ധരിക്കുക, അടിവസ്ത്രങ്ങളുടെ ശുചിത്വത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുക

- പോഷകാഹാരം: വളർച്ചയ്ക്കും ഊർജ്ജത്തിനും ഉണർവിനും പ്രതിരോധശേഷിക്കും സൗന്ദര്യത്തിനും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക കാർബോഹൈഡ്രേറ്റ്, പ്രോട്ടീൻ, ധാതുക്കൾ, വിറ്റാമിനുകൾ, നാരുകൾ എന്നിവ ഉൾപ്പെടുന്ന സമീകൃതാഹാരത്തെക്കുറിച്ച് ചർച്ച ചെയ്യുക. പ്രഭാതഭക്ഷണം പൂർണ്ണമായി കഴിക്കേണ്ടതിന്റെ പ്രാധാന്യം ഉപ്പ്, പഞ്ചസാര, എണ്ണ, മൈദ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിറമുള്ള പഴങ്ങളും പച്ചക്കറികളും കഴിക്കുക. ഭക്ഷണം ശരിയായി സൂക്ഷിക്കുക, ധാരാളം വെള്ളം കുടിക്കുക. ആഹാരത്തിന് മുമ്പ് കൈ കഴുകുക, ശേഷം വായ കഴുകുക ഫാസ്റ്റ്ഫുഡ് ഇടയ്ക്കിടെ മാത്രം കഴിക്കുക, ദിവസവും കഴിക്കാതിരിക്കുക. കാർബണേറ്റഡ് പാനീയങ്ങൾ പരിമിതപ്പെടുത്തുക. കുടിവെള്ളത്തിനായി ടാപ്പ് വെള്ളം തിളപ്പിക്കാൻ ശുപാർശ ചെയ്യുന്നു. വിളർച്ചയ്ക്കുള്ള WIFS പിങ്ക്/നില ഗുളികകളെക്കറിച്ചുള്ള വിവരങ്ങൾ ഭക്ഷണം പാഴാക്കാതിരിക്കാൻ പ്രോത്സാഹിപ്പിക്കുക .

- കണ്ണുകളുടെ സംരക്ഷണം; വായനയ്ക്കും പഠനത്തിനും നല്ല വെളിച്ചം നിലനിർത്തുക, മങ്ങിയ വെളിച്ചത്തിലോ ചലിക്കുന്ന വാഹനങ്ങളിലോ വായിക്കുന്നത് ഒഴിവാക്കുക. മൊബൈലുകളിലും ജാണ് റ്റുകളിലും സ്ക്രീൻ സമയം പരിമിതപ്പെടുത്തുക, തെളിച്ചവും കോൺട്രാസ്റ്റും 50% അല്ലെങ്കിൽ അതിൽ കറവാക്കുക. ദീർഘനേരം വായിക്കുമ്പോൾ ശുദ്ധജലം ഉപയോഗിച്ച് ഇടയ്ക്കിടെ കണ്ണുകൾ കഴുകുക. സ്കീൻ ഉപയോഗത്തിന് "20-20-20-20 നിയമം പാലിക്കുക..

- ദന്ത സംരക്ഷണം: പുഞ്ചിരിക്കും ദഹനത്തിനും ആരോഗ്യമുള്ള പല്ലുകളുടെ പ്രാധാന്യം ഊന്നിപ്പറയുക. എന്തെങ്കിലും ഭക്ഷണത്തിനോ പാനീയത്തിനോ ശേഷം വായയും പല്ലുകളും ശരിയായി വൃത്തിയാക്കുക. മധുരപലഹാരങ്ങൾ/ചോക്ലേറ്റുകൾ കടിച്ച് കഴിക്കുന്നത് ഒഴിവാക്കി പതുക്കെ കഴിക്കുക. ദിവസവും രണ്ടുനേരം 2 മിനിറ്റ് നേരം മൃാലമായ ബ്രഷ്യം ഫ്ലൂറൈഡ് അടങ്ങിയ ടൂത്തിടം ഉപയോഗിച്ച് പല്ല് തേക്കുക. പല്ലുകളുടെയും മോണകളുടെയും ആറ് പ്രത്യേക ഭാഗങ്ങൾ വൃത്തിയാക്കുക.

- വ്യായാമം/ശാരീരിക പ്രവർത്തനം: ദിവസവും 20-30 മിനിറ്റ് ശാരീരിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുക. വീട്ടിൽ

വ്യായാമത്തിനുള്ള അവസരങ്ങൾ കണ്ടെത്തുക. ഒരു മണിക്കൂറിലധികം ഇരിക്കുകയാണെങ്കിൽ, 2-3 മിനിറ്റ് നേരത്തേക്ക് എഴുന്നേറ്റ് ചെറിയ ചലനങ്ങൾ ചെയ്യുക. കലാരൂപങ്ങൾ, കളികൾ, യോഗ എന്നിവ ശാരീരിക പ്രവർത്തനങ്ങൾക്ക് സഹായിക്കും.

- മാനസികാരോഗ്യം: ആരോഗ്യകരമായ ശരീരത്തിന് ആരോഗ്യകരമായ മനസ്സിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്യുക മെച്ചപ്പെട്ട പഠനം, നല്ല ബന്ധങ്ങൾ, ജീവിത നൈപുണ്യങ്ങൾ വികസിപ്പിക്കൽ, മൊത്തത്തിലുള്ള സന്തോഷം എന്നിവയ്ക്ക് ഇത് പ്രധാനമാണ്..

## 2025 ജൂൺ 10: ഡിജിറ്റൽ അച്ചടക്കം

കുട്ടികൾ ഭക്ഷണം കഴിക്കുമ്പോഴും ഒഴിവു സമയം ചിലവഴി ക്കാനുമായി ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ ഉപയോഗിക്കുന്നതായി കണ്ടുവരുന്നു. മാതാപിതാക്കളുടെയോ ബന്ധുക്കളുടെയോ അനുമതിയോടും അല്ലാതെയും ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾ ഉപയോഗിക്കുന്നുണ്ട്. ഇത് കുട്ടിയുടെ ശാരീരിക മാനസിക ആരോഗ്യത്തെ ബാധിക്കുന്നുണ്ടെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിനാൽ ഡിജിറ്റൽ അച്ചടക്ക ത്തിനായി താഴെപറയുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ സംവാദം, ചിത്രരചന, പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് ഏർപ്പെടാവുന്നതാണ്. ഇതു സംബന്ധിച്ച്കുട്ടികളുമായും രക്ഷിതാക്കളുമായും സംവദിക്കുമ്പോൾ ചുവടെപറയുന്ന പ്രയോജനപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ ചർച്ചാസൂചകമായി.

- രക്ഷിതാക്കൾ കുട്ടികളുമായി ചിലവഴിക്കുന്ന സമയം
- ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/മൊബൈലുകൾ/ടാബുകൾ എന്നിവയുടെ ഉപയോഗം
- ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു.
- കുട്ടിക്ക് ഡിജിറ്റൽ ഉപകരണങ്ങളെക്കുറിച്ചുള്ള അറിവ്.

- കുട്ടികൾ അച്ഛന്റെയോ അമ്മയുടെയോ മറ്റ് ബന്ധുക്കളുടെയോ സാമൂഹികമാധ്യമ അക്കൗണ്ടുകൾ ഉപയോഗിക്കുന്നത് സംബന്ധിച്ച്

- സ്വന്തമായി സാമൂഹികമാധ്യമ അക്കൗണ്ട് തുറക്കാനുള്ള മിനിമം പ്രായത്തെക്കുറിച്ചുള്ള അറിവ്.

- ഡിജിറ്റൽ ഉപകരണങ്ങളുടെ/സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗത്തിന് കുട്ടികൾ അറിഞ്ഞിരിക്കേണ്ട വിവരങ്ങൾ. ഫലപ്രദമായ സാമൂഹിക പരമായ പ്രയാസങ്ങൾ.

## 2025 ജൂൺ 11: പൊതുമുതൽ സംരക്ഷണം

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിദ്യാർത്ഥികളെ പഠിപ്പിക്കുകയും, തങ്ങളുടെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനും പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും അവരെ പ്രാപ്തരാക്കുക എന്നതുമാണ് ഈ വിഷയത്തിലൂടെ ലക്ഷ്യമിടുന്നത്. പൊതുമുതൽ സമൂഹത്തിന്റെ സ്വത്താണെന്നും അത് സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണെന്നും അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്.

### അവബോധ ക്ലാസുകൾ

- പൊതുമുതൽ എന്താണെന്നും അത് എങ്ങനെ സമൂഹത്തെ സഹായിക്കുന്നുവെന്നും വിദ്യാർത്ഥികൾക്ക് വിശദീകരിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

- പൊതുമുതൽ നശിപ്പിക്കുന്നത് സമൂഹത്തിന് വരുത്തുന്ന നഷ്ടങ്ങളെക്കറിച്ച് ഉദാഹരണ സഹിതം വിവരിക്കുക.

**ശുചീകരണ യജ്ഞങ്ങൾ:**

- സ്കൂൾ വളപ്പിലും പരിസരത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

- പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം പ്രായോഗികമായി മനസ്സിലാക്കാൻ അവസരം നൽകുക.

**മാതൃകാപരമായ പെരുമാറ്റം:**

- പൊതുസ്ഥലങ്ങളിൽ പാലിക്കേണ്ട മര്യാദകരളെക്കുറിച്ചും, പൊതുസ്വത്ത് ഉത്തരവാദിത്തത്തോടെ കൈകാര്യം ചെയ്യേണ്ടതിനെക്കുറിച്ചും വിദ്യാർത്ഥികളെ പഠിപ്പിക്കുക.

- പൊതു ടോയ്‌ലറ്റുകൾ, കളിസ്ഥലങ്ങൾ, ലൈബ്രറികൾ തുടങ്ങിയവ എങ്ങനെ ശരിയായി ഉപയോഗിക്കണമെന്ന് വിശദീകരിക്കുക.

**പുലർ ചിത്രങ്ങളും സന്ദേശങ്ങളും**

- പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന ചുമർ ചിത്രങ്ങൾ വരയ്ക്കാനും

- സന്ദേശങ്ങൾ തയ്യാറാക്കാനും വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക

- സ്കൂളിലെയും പൊതു ഇടങ്ങളിലെയും വസ്തുക്കൾ തങ്ങളുടേതാണെന്ന ചിന്ത വളർത്തുക.

## 2025 ജൂൺ 13: രാസ-ലഹരി, മൊബൈൽ അഡിക്ഷൻ

ആധുനിക സമൂഹത്തിൽ വർദ്ധിച്ചുവരുന്ന രാസലഹരിയുടെയും മൊബൈൽ അഡിക്ഷന്റെയും ദുഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ ധാരണ നൽകി, അവരിൽ നിന്ന് അവരെ സംരക്ഷിക്കുക എന്നതാണ് ഈ വിഭാഗം ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും ക്രിയാത്മകമായ വിനോദങ്ങളിലേക്ക് അവരെ ആകർഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

## പ്രധാന പ്രവർത്തനങ്ങൾ:

### ബോധവൽക്കരണ സെമിനാറുകൾ:

- രാസലഹരി വസ്തുക്കളുടെ ഉപയോഗം ശരീരത്തിനും മനസ്സിനും വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വിദഗ്ദരെ ഉൾപ്പെടുത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- മൊബൈൽ ഫോണുകളുടെയും മറ്റ് സ്റ്റീൻ ഉപകരണങ്ങളുടെയും അമിത ഉപയോഗം പഠനത്തെയും ആരോഗ്യത്തെയും സാമൂഹിക ബന്ധങ്ങളെയും എങ്ങനെ ബാധിക്കുന്നു എന്ന് വിശദീകരിക്കുക.

### ലഘുലേഖകളും പോസ്റ്ററുകളും:

- ലഹരിയുടെയും അമിത മൊബൈൽ ഉപയോഗത്തിന്റെയും ദൂഷ്യവശങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്യുക.

- വിദ്യാർത്ഥികളെക്കൊണ്ട് പോസ്റ്ററുകളും മുദ്രാവാക്യങ്ങളും തയ്യാറാക്കി സ്കൂളിൽ പ്രദർശിപ്പിക്കുക.

**ആരോഗ്യകരമായ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുക:**

- പുറത്ത് കളികൾ, വായന, സംഗീതം, ചിത്രരചന, നൃത്തം തുടങ്ങിയ വിനോദങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.

- സ്കൂളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി, കട്ടികളെ അവയിലേക്ക് ആകർഷിക്കുക.

**കൗൺസിലിംഗ് സൗകര്യം:**

- അമിതമായി മൊബൈൽ ഉപയോഗിക്കുന്നതോ, ലഹരിക്ക് അടിമപ്പെടാൻ സാധ്യതയുള്ളതോ ആയ കുട്ടികളെ കണ്ടെത്തി ആവശ്യമായ കൗൺസിലിംഗ് നൽകുക.

- മാതാപിതാക്കൾക്ക് ഈ വിഷയങ്ങളെക്കുറിച്ച് അവബോധം നൽകുകയും കുട്ടികള നിരീക്ഷിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**മാതൃകയാവുക:**

- അദ്ധ്യാപകരും രക്ഷിതാക്കളും മൊബൈൽ ഫോണിന്റെയും ലഹരിയുടെയും കാര്യത്തിൽ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുക.

# ഭാഷ

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - 1**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ദാഷാ കളരി കുട്ടിക ളിലും പാട്ടുകളും കഥ കളു മായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ.<br><br>2) അമ്മ പറയട്ടെ അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പി ക്കുന്നു. | സെപ്തംബർ<br><br>ഒക്ടോബർ<br><br>ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊ രിക്കൽ | ക്ലാസ് ടീച്ചർ SRG<br><br>SMC സ്കൂൾ വികസന സമിതി.<br><br>ക്ലാസ് ടീച്ചർ<br><br>SRG<br><br>മദർ പി.ടി.എ. | SMC<br><br>മദർ പി.ടി.എ. |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - 2**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ്.<br><br>സർഗാത്മകത യെ തട്ടിയുണർത്താം | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ.<br><br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ.<br><br>3) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്ക ൽ | ഒക്ടോബർ<br><br>നവംബർ<br><br>ഡിസംബർ<br><br>ജനുവരി | SRG<br><br>SMC<br><br>ക്ലബ്ബുകൾ<br><br>മദർ പി.ടി.എ സ്റ്റാഫ്<br><br>SMC<br><br>അദ്ധ്യാപകർ ക്ലബ്ബുകൾ പ്രമുഖ വ്യക്തി കൾ | മദർ പി.ടി.എ സ്റ്റാഫ്<br><br>SRG SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - 3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാഹിത്യ പ്രതിഭഅടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ, SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ, SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC, SRG | ക്ലബ്ബ് |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | ക്ലബ്ബുകൾ | SMC SRG |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | സാഹിത്യക്ലബ്ബുകൾ | വായനശാല |

## മലയാള ഭാഷ (STD 4)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കു ന്നവർക്ക് പ്രത്യേകം പരിശീലനം സംഘ ടിപ്പി ക്കൽ. ആവശ്യ മായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന തുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാ ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തകപരിചയം വായനാ കുറിപ്പ് ആസ്വാദ നകുറിപ്പ്. പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | HM SRG CLASS TEACHER | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോ ഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്ര വർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസ ം (വർഷം മുഴു വൻ) | SRG CLASS TEACHER | PTA |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യൂ മെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസ രണം | CLASS TEACHER | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണ ങ്ങൾ പരിചയപ്പെടൽ | പക്ഷിമല പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിൽ ഒരു സദ്യ | വർഷത്തിലൊ ന്ന് | HM<br>SRG<br>CPTA<br>Class Teacher | |
| **ഓർക്കാം– അഭിമാനിക്കാം** | | | | |
| സാഹിത്യകാര ന്മാ രുടെ ജന്മ-ചരമ ദിനാചരണങ്ങ ൾ സംഘടിപ്പിക്ക ൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ -\| ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം ക്വിസ് ലഘു പ്രഭാ ഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം -പ്രദർശനം | ആവശ്യാനുസ രണം | SRG<br>Class Teacher<br>CPTA | |

| | | | | |
|---|---|---|---|---|
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കല യുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ. ചമ യങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠന ത്തിന്റെ ഭാഗമായി നേടിയ ശേഷികൾ അവതരി പ്പിക്കൽ | കുട്ടികളുടെ സർഗ്ഗ വർഷത്തിലൊരി ശേഷികളുടെ പ്രദർശനം | വർഷത്തിലൊന്ന് | HM SRG CPTA Class Teacher | PTA |

# ENGLISH

**മേഖല - അക്കാദമികം**
**ഉപമേഖല - ഇംഗ്ലീഷ്**
**ക്ലാസ് - 1**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br><br>CLASS TEACHER | SSA |

**മേഖല - അക്കാദമികം**
**ഉപമേഖല - ഇംഗ്ലീഷ്**
**ക്ലാസ് - 2**

| ലക്ഷ്യം | പ്രവർത്തനംമേഖല – അക്കാദമികം ഉപമേഖല – ഇംഗ്ലീഷ് ക്ലാസ് – 3 | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസ ൌോൌ per ഭാഷ സംസാരി ക്കുവാനുള്ള അവസരമൊരു | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ<br><br>Engliah ബാലസഭ<br><br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന് | SRG<br><br>CLASS TEACHER<br><br>SMC | SSA |

**മേഖല – അക്കാദമികം**

**ഉപമേഖല – ഇംഗ്ലീഷ്**

**ക്ലാസ് – 3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വായന ആശയ മറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താവായനാ മത്സരം<br>സംഘടിപ്പിക്കൽ<br>വായനാക്യാമ്പുകൾ | JUNE-MARCH<br><br>മാസത്തിൽ ഒന്ന് | CLASS TEACHER | PTA |

## English - Std IV

| ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം) | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ഇംഗ്ലീഷ് ഫലപ്രദ മായി വായി ക്കാനും സംസാ വിക്കാനും എടുതു വാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക് | വർഷം മുഴുവൻ | Class teacher | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതു. | ആഴ്ചയ ിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | Class teacher | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലിഷ് രാഷാ പഠനം)** | | | | |
| സർഗാത്മകത പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗ രൂപങ്ങളാക്കി അവ (Skit, Drama, Conversation, Story Telling, | മാസത്ത ിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകഥ രചനാ ശേഷി വികസനം | മൂന്നു മാസം കൂടു മ്പോൾ കുട്ടിക ടുത്തിക്കൊണ് മാസിക തയ്യാറാക്കൽ | തയ്യാറാ ക്കൽ | SMC CLASS TEACHER HM | SMC |

| ഇംഗ്ലീഷ് കൈയെഴുത്ത്" | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ ഉള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| | ായി കത്തിടപാട് | | | |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായന പലിശോഷണം | കുട്ടികളുടെ നിലവാരത്തിന നുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരിക്കലും വായനാവേള ഒരിക്കൽ വായനാക്കുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | CLASS TEACHER | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തിലെത്തിക്കൽ അംഗ്ലീഷ് രാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വായന മത്സരം രചന മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | അവധിക്കാലം | CLASS TEACHER | രക്ഷിതാക്കൾ |

# ഗണിതം

**മേഖല – അക്കാദമികം**

**ഉപമേഖല – ഗണിതം**

**ക്ലാസ് – 1**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കളികളും നിർമ്മാ ണ പ്രവർത്തന ങ്ങളും ഉൾപ്പെ ടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപ ങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിത ക്യാമ്പ് ഗണിത പ്രവർത്തന ങ്ങൾ കളിയിലൂടെ | June-march<br>september<br>മാസത്തിൽ ഒന്ന് വീതം | Class teacher<br>SRG<br>Class teacher | SSA |

**മേഖല – അക്കാദമികം**

**ഉപമേഖല – ഗണിതം**

**ക്ലാസ് – 2**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കു കളും, ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം<br>മാസത്തിൽ ഒന്ന് വീതം | SRG<br>CLASS TEACHER | SSA |

**മേഖല – അക്കാദമികം**

**ഉപമേഖല – ഗണിതം**

**ക്ലാസ് – 3**

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം.<br><br>ഗണിതം ലളിതമാക്കാം കളികളിലൂടെ. | ഒറിഗാമി ശില്പശാല രസകരമായി ഗണിതപഠനവും നിർമാണ പ്രവർ ത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | OCTOBER<br><br>JANUARY | SRG<br>PTA<br><br>SRG<br>CLASS TEACHER | SSA<br><br>SSA<br>STAFF<br>SMC |

| ഗണിതം (Std IV) | | കളിക്കാം..ഗണിക്കാം | | |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളി കൾ ആസൂത്രണം ചെയ്യൽ - നടപ്പാ മൂല്യനിർണയം. (ഏണിയും പാമ്പും ഡയസ് കളി) സങ്കലനം-വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br><br>CLASS TEACHER | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | ഒറിഗാമി രൂപങ്ങ ളുടെ നിർമ്മാണം പ്രദർശനം | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരു ക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>CLASS TEACHER | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളു ടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | CLASS TEACHER | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണ ങ്ങ ളിലൂടെ ഗണിതപ ഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോ പകരണങ്ങളു ടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | PTA<br>CLASS TEACHER | PTA |

# അറബിക്

## പ്രവർത്തനം –1 റഷീദ പി

### പേര് : ലോക ഭാഷ –അറബി ഭാഷ

### ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക. മുന്നറിവ് പരിശോധിക്കുക<br><br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br><br>വാചകങ്ങൾ നിർമ്മിക്കൽ<br><br>ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

## പ്രവർത്തനം: 2

### പേര് അറബി വായനോത്സവം

### ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യംവെക്കുന്ന അറബിനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | വായനാ മത്സരം ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി വായാനാകുറിപ്പുകൾ അറബിക് പത്രവായന/റേഡിയോ | June - march | അറബി ടീച്ചർ | |

## പ്രവർത്തനം : 3

## പേര് അറബി രചനോത്സവം

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക. | പതിപ്പുകളുടെ നിർമാണം വായനാകുറിപ്പ് ശേഖരണം ചുമർപത്രങ്ങൾ, പോസ്റ്ററുകൾ ഭാഷാകളികൾ | June - march | അറബി ടീച്ചർ | |

# നിർവഹണ ചുമതല

# മുഹമ്മദ് അഷറഫ് ( ഹെഡ്മാസ്റ്റർ)
# വഹീറ ടി.ടി
# ലത  പി
# റസിയ സി. എച്ച്
# സഹല പൂക്കാടൻ
# റഷീദ പി
# അർഷാദ് ഉമ്മർ കെ
# റൂബി എ കെ
# അബ്ദുൽ മുനീർ സി